## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1411 — 03.12.2018-ലെ മറുപടിക്ക്

**'നെടുമ്പ്രത്ത് കോളനിയിലെ മിച്ചഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം'**


**ചോദ്യം**
ശ്രീ. ആർ. രാമചന്ദ്രൻ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി താലൂക്കിൽ നെടുമ്പ്രത്ത് കോളനിയിലെ മിച്ചഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | നെടുമ്പ്രത്ത് കോളനിയിൽ 8 പേർക്കാണ് മിച്ചഭൂമി പട്ടയം അനുവദിച്ചിരുന്നത്. എന്നാൽ ടി സ്ഥലങ്ങളെല്ലാം തന്നെ പട്ടയ കക്ഷികൾ നിശ്ചിത കാലപരിധിക്കു മുമ്പ് കൈമാറ്റം ചെയ്തിട്ടുള്ളതും അപ്രകാരം കൈവശം കിട്ടിയ 10 കക്ഷികൾ മിച്ചഭൂമി കൈമാറ്റ സാധൂകരണത്തിന് അപേക്ഷ നൽകിയതിൽ 9 പേർക്ക് ഉത്തരവായിട്ടുള്ളതും ഒരെണ്ണം നിരസിച്ചിട്ടുള്ളതുമാണ്. |
| (ബി) | പട്ടയത്തിനായി അപേക്ഷിച്ച എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്ന് വിശദീകരിക്കുമോ; | | |
| (സി) | ഇവിടെയുള്ള ഇനിയും പട്ടയം ലഭിച്ചിട്ടില്ലാത്ത മുഴുവൻ താമസക്കാർക്കും പട്ടയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ